## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 499

27.09.2016 -ൽ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നീക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം കുന്ന് കൂടുകയും തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിക്കുകയും ചെയ്തതോടെ സഞ്ചാരികളുടെ വരവിൽ വലിയ തോതിൽ കുറവുണ്ടായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് സർക്കാർ ഉദ്ദേശിക്കുന്ന പ്രതിവിധികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) ഇല്ല. തെരുവുനായ്ക്കളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇവയെ നിയന്ത്രിക്കുന്നതിന് ചില സന്നദ്ധ സംഘടനകളുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) വിനോദ സഞ്ചാര വകുപ്പ് ശുചീകരണ പ്രക്രിയയിൽ കുടുംബശ്രീയെ പങ്കാളികളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ; | ബി) ടൂറിസം വകുപ്പിന്റെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണ പ്രക്രിയയിൽ കുടുംബശ്രീ ഒരു പ്രധാന പങ്കാളിയാണ്. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിറ്റിപിസി കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ കുടുംബശ്രീയും ഒരു പങ്കാളിയാണ്. |

| | |
|---|---|
| സി) ഇത് സംബന്ധിച്ച് കുടുംബശ്രീയിൽ നിന്ന് പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടെങ്കിൽ എത്ര തുകയാണ് ഇതിനു വേണ്ടി സർക്കാർ അനുവദിച്ചിട്ടുള്ളത്; ഈ തുക ഏത് രീതിയിലാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | സി) നിലവിൽ പ്രത്യേക പദ്ധതി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. |

Anuradha

സെക്ഷൻ ഓഫീസർ.